(Pages : 4) **S – 5800**

**Reg. No. : ..............................**

**Name : ..................................**

**First Semester B.A./B.Sc./B.Com. Degree Examination, October 2023**

**First Degree Programme under CBCSS**

**Double Main Programme**

**Language Course – Additional Language – Malayalam**

**ML 1111.4 : ഗദ്യസാഹിത്യം**

**(2020 Admission)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക.

1. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവലായി അംഗീകരിക്കപ്പെട്ട കൃതി ഏതാണ് ?

2. മാധവിക്കുട്ടിയുടെ ആത്മകഥയുടെ പേരെന്ത് ?

3. 'ക്രിസ്തുവിനെപോലെ എനിക്കു ബഹുമാനമുള്ള ഒരു മഹാനില്ല.' - ആരുടെ വാക്കുകൾ ?

4. അഗ്നി എന്ന ചെറുകഥയുടെ രചയിതാവാര് ?

5. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക.

   (a) വിശ്വസ്തൻ (b) വിശ്വസ്ഥൻ

   (c) വിശ്വസ്ത്തൻ (d) വിശ്ശ്വസ്തൻ

6. 'കൊഴിഞ്ഞ ഇലകൾ' ആരുടെ ആത്മകഥയാണ് ?

P.T.O.

St. Xaviers College Library

7. ഒന്നാം കേരളമന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രി ആരായിരുന്നു ?

8. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ ടി.വി. കൊച്ചു ബാവയുടെ കൃതി ഏതാണ്?

9. 'പാരമ്പര്യവും വ്യക്തിപരവുമായ വാസനാവിശേഷവും' എന്ന ലേഖനത്തിന്റെ കർത്താവാര് ?

10. ആശ്ചര്യചൂഡാമണി നാടകം സംസ്കൃതത്തിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതാര് ?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ ഏതെങ്കിലും **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. ജീവചരിത്രം, ആത്മകഥ ഇവ എന്തെന്ന് വിശദമാക്കുക.

12. വാക്യശുദ്ധി വരുത്തുക :
'ഞാൻ എൻെറ ആത്മനിഷ്ഠമായ
കാര്യങ്ങൾ സ്വയം മാത്രമേ
ചെയ്യാറുള്ളൂ'

13. 'നൂറായിരം തെരക്കിന്റെ എടേലാണ് അപ്പൻ ഞങ്ങളെക്കൊണ്ടീ നാടകം കളിപ്പിക്കുന്നതെന്ന് ഓർക്കണം' - സൂചിതമെന്ത് ?

14. 'കണ്ടോ എനിക്കായി അവൾ നീക്കിവച്ച വിശാലവും ആഴമേറിയതുമായ സ്നേഹം' - സന്ദർഭം വ്യക്തമാക്കുക.

15. 'എഴുതാൻ എനിക്കു നിവൃത്തിയില്ല. സുഖമുണ്ടാകുന്നെങ്കിൽ അതു പൂർത്തിയാക്കണമെന്ന് ആഗ്രഹമുണ്ട്. ' - വക്താവാര് ? ഇവിടെ സൂചിതമാകുന്നതെന്താണ് ?

16. ഭാഷാശൈലി ദുർഗ്രഹമായിത്തീരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ് ?

17. 'മരണത്തിന്റെ സ്പർശം തട്ടിയ ഭക്ഷണ സാധനങ്ങൾ' - വ്യക്തമാക്കുക.

18. 'എന്തൊരു വെള്ളപ്പ് എന്ന് മനസ്സിൽ വിചാരിക്കെ അവന്റെ ചിരി അറിയാതെ മാഞ്ഞുപോവുകയും ചെയ്തു' - സന്ദർഭവും ആശയവും വിശദമാക്കുക.

19. 'എത്ര നല്ല ലീവഭ്യത്ഥനയായിരിക്കും അത്' - വക്താവാര് ? കഥാസന്ദർഭം വ്യക്തമാക്കുക.



St. Xaviers College Library

20. 'ഉണങ്ങി വരണ്ട ചപ്പിലക്കൂട്ടങ്ങളെ ആളിക്കത്തിക്കുന്നതു പോലെയായിരുന്നു അത്' - ഇവിടെ സൂചിതമാകുന്ന സന്ദർഭം ഏതാണ്?

21. 'പാരമ്പര്യത്താൽ കള്ളനായ ഇക്കണ്ടക്കുറുപ്പാണ് ഈ കഥയിലെ നായകൻ' - കഥ ഏതെന്നും കഥാകൃത്താരെന്നും വ്യക്തമാക്കുക.

22. സ്രോതഭാഷയും ലക്ഷ്യഭാഷയും എന്തെന്ന് വിശദമാക്കുക.

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഭാഷാ ശൈലിയെക്കുറിച്ച് പന്മന രാമചന്ദ്രൻ നായരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

24. മനുഷ്യരിൽ നിന്നന്യം നിന്നു പോകുന്ന സഹജീവിസ്നേഹത്തിന്റെ ആവിഷ്കാരമാണ് 'വെള്ളപ്പൊക്കത്തിൽ' എന്ന കഥ. പരിശോധിക്കുക.

25. യാത്രാവിവരണ രചനയിൽ ശ്രദ്ധിക്കേണ്ട വസ്തുതകൾ വിശദീകരിക്കുക.

26. കുമാരനാശാന്റെ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ചുള്ള ജോസഫ് മുണ്ടശ്ശേരിയുടെ നിരീക്ഷണങ്ങൾ വിലയിരുത്തുക.

27. ഭാഷയിൽ പുതിയ ശൈലികൾ രൂപം കൊള്ളുന്നതിനെക്കുറിച്ചുള്ള കുട്ടികൃഷ്ണമാരാരുടെ അഭിപ്രായങ്ങൾ എന്തെല്ലാം ?

28. പാർശ്വവൽക്കരിക്കപ്പെടുന്ന ജനതയുടെമേൽ മാധ്യമങ്ങൾ നടത്തുന്ന കയ്യേറ്റം 'മണ്ണ്' എന്ന ചെറുകഥയിൽ എപ്രകാരമാണ് ആവിഷ്കരിച്ചിട്ടുള്ളത് ?

29. മലയാളത്തിലെ നവോത്ഥാന ചെറുകഥകളുടെ സവിശേഷതകൾ എന്തെല്ലാം ?

30. 'പാരമ്പര്യം' എന്ന സങ്കല്പത്തെക്കുറിച്ച് കെ.പി. അപ്പൻ നടത്തുന്ന വിശകലനങ്ങൾ എന്തെല്ലാമാണ് ?

31. 'പ്രകൃതിസംസ്കൃതി ദ്വന്ദ്വത്തിന്റെ സാംഗത്യം ഇവിടെയാണ് കടന്നുവരുന്നത്.' വിശദമാക്കുക.

**(6 × 4 = 24 Marks)**

St. Xaviers College Library

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. നവകാലത്ത് തിരസ്കരിക്കപ്പെടുന്ന വാർദ്ധക്യം പതിവു കാഴ്ചയാണ്. 'വൃദ്ധസദനം' എന്ന നോവലിനെ മുൻനിർത്തി വിശകലനം ചെയ്യുക.

33. ചങ്ങമ്പുഴയെക്കുറിച്ചുള്ള തുടിക്കുന്ന ഓർമ്മകളുടെ നേർച്ചിത്രമാണ് 'നക്ഷത്രങ്ങളുടെ സ്നേഹഭാജനം'. പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

34. 'മധ്യവർഗ്ഗ കുടുംബിനിയുടെ ജീവിതചിത്രണം 'നെയപ്പായസം' എന്ന കഥയിൽ അതിന്റെ പൂർണ്ണത കൈവരിച്ചിരിക്കുന്നു.' - പരിശോധിക്കുക.

35. 'സമകാലമലയാള നോവലുകൾ വ്യക്തികേന്ദ്രിതമാണ്'. വിമർശനാത്മകമായി വിലയിരുത്തുക.

**(2 × 15 = 30 Marks)**

---

St. Xaviers College Library